(ബി) ശ്രീമതി ലളിത, ശ്രീമാൻ കെ. ജി. ഗോപാലകൃഷ്ണൻ ആചാരി എന്നിവരുടെ പേരിലുള്ളതാണ്.

(സി) പ്രസ്തുത ദിവസം 1100 രൂപയുടെ ചെക്ക് കൗണ്ടറിൽ ലഭിച്ചതനുസരിച്ച് അക്കൗണ്ട്സ് ഓഫീസർ ചെക്ക് പാസ്സാക്കി 14-ാം നമ്പർ ടോക്കൻ രേഖപ്പെടുത്തി ക്യാഷ്യറെ ഏൽപ്പിച്ചതായും, പണം കൈപ്പറ്റാൻ ആളില്ലാതിരുന്നതുകൊണ്ട് 283-ാം നമ്പർ എസ്.ബി. അക്കൗണ്ടിൽ അന്നേദിവസം തന്നെ തിരിച്ചടയ്ക്കുകയും ഉണ്ടായി. അക്കൗണ്ട് ഹോൾഡറോട് അപമര്യാദയായി പെരുമാറിയതായി ഓർമ്മയില്ലെന്ന് ബാങ്ക് അറിയിച്ചിട്ടുണ്ട്.

(ഡി) ഇതേപ്പറ്റി പരാതി ലഭിച്ചതായി കാണുന്നില്ലെന്നും ചെക്കിന്റെ തുക അക്കൗണ്ടിൽ തിരിച്ചടച്ചതായി പാസ് ബുക്കിൽ രേഖപ്പെടുത്തി കൊടുത്തിട്ടുണ്ടെന്നും ബാങ്ക് അറിയിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത തുക 283-ാം നമ്പർ അക്കൗണ്ടിൽ തന്നെ തിരിച്ചടയ്ക്കുകയും പാസ് ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്തതിനാൽ അക്കൗണ്ടുകാരന് അക്കാര്യം അറിയാൻ സാധിക്കുന്നതാണ്.

വ്യാജരേഖ ഹാജരാക്കി വായ്പ എടുത്തവർ

138 [595] ശ്രീ. ബി. വിജയകുമാർ :
„ വി. ജെ. പൗലോസ് :
„ ജോർജ് ജെ. മാത്യു :

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലുള്ള ഏതെല്ലാം സഹകരണ ബാങ്കുകളിൽ നിന്നും വ്യാജരേഖ ഹാജരാക്കി വായ്പയെടുത്ത സംഭവങ്ങളുണ്ടായിട്ടുണ്ട് ;

(ബി) ഇതേപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ അന്വേഷണം ഏത് ഘട്ടത്തിലിരിക്കുന്നു ;

(സി) ബാങ്ക് അധികൃതരുടെ എന്തെങ്കിലും പങ്ക് ഈ കാര്യത്തിൽ ഉണ്ടോ എന്നറിയിക്കാമോ ?

ഉത്തരം

(എ) ചെമ്പൂർ സർവ്വീസ് സഹകരണ ബാങ്ക്, വെഞ്ഞാറമൂട് സർവ്വീസ് സഹകരണ ബാങ്ക്, കേശവദാസപുരം വെൽഫെയർ സഹകരണ സംഘം എന്നീ സഹകരണ സ്ഥാപനങ്ങളിൽ നിന്നും വ്യാജരേഖ ഹാജരാക്കി വായ്പയെടുത്തിട്ടുണ്ട്.

(ബി) ഉണ്ട്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചെമ്പൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വ്യാജരേഖ ഹാജരാക്കി വായ്പയെടുത്ത അംഗത്തിൽ നിന്നും വായ്പ ഒന്നായി തിരിച്ച് ഈടാക്കാനും ടിയാൾക്കെതിരെ ക്രിമിനൽ നടപടി ക്രമങ്ങൾ പ്രകാരം വ്യവഹാരം ഫയൽ ചെയ്യുന്നതിനും ബാങ്ക് ഭരണസമിതിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുതല അന്വേഷണത്തെ തുടർന്ന് വെഞ്ഞാറമൂട്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസ് സഹകരണ ബാങ്കിലെ വായ്പാ ക്രമക്കേടിനെക്കുറിച്ച് പോലീസ് കേസ് ഫയൽ ചെയ്യുകയും അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

കേശവദാസപുരം വെൽഫെയർ സഹകരണ സംഘത്തിലെ ക്രമക്കേട് സംബന്ധിച്ച് സംഘം ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) ബാങ്ക് അധികൃതരുടെ പങ്ക് ഉള്ളതായി വകുപ്പുതല അന്വേഷണങ്ങളിൽ കണ്ടെത്തിയിട്ടില്ല.

സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ നൽകിയതിലെ ക്രമക്കേടുകൾ

139 [596] ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സഹകരണ ബാങ്ക് വായ്പകൾ നൽകിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച് സർക്കാർ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(ബി) ബാങ്കിന്റെ നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം മറ്റേതെങ്കിലും ബാങ്കുകളുടെ വായ്പാ കുടിശ്ശിക ഏറ്റെടുത്തുകൊണ്ട് വായ്പ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം സ്ഥാപനങ്ങളുടെ വായ്പകൾ തിരിച്ചടയ്ക്കുന്നതിനുവേണ്ടി എന്തു തുക ഏതെല്ലാം ഉറപ്പുകളിന്മേൽ ഏതെല്ലാം തീയതികളിൽ അനുവദിക്കുകയുണ്ടായെന്ന് വിശദമാക്കാമോ ;

(ഡി) ബാങ്ക് ടേക്ക് ഓവർ ചെയ്ത ഏതെല്ലാം വായ്പകളുടെ കാര്യത്തിലാണിപ്പോൾ തിരിച്ചടവ് ക്രമം തെറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വകുപ്പുതല അന്വേഷണത്തിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അന്വേഷണം നടന്നുവരുന്നു.

(ബി) സ്വകാര്യസ്ഥാപനങ്ങളുടെ വായ്പ കുടിശ്ശിക ഏറ്റെടുത്തുകൊണ്ട് വായ്പ അനുവദിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. ജിയോ ഫ്രാങ്ക് എന്റർപ്രൈസസ് പ്രൈവറ്റ് ലിമിറ്റഡ്.
2. ബൻടെക് ഇലക്ട്രിക്കൽസ് പ്രൈവറ്റ് ലിമിറ്റഡ്.
3. കണ്ണൂർ റോളർ ഫ്ളവർ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്.
4. പറശ്ശിനിക്കടവ് ആയുർവേദ മെഡിക്കൽ കോളേജ്.
5. സെന്റ് ജോർജ് കേബിൾസ് പ്രൈവറ്റ് ലിമിറ്റഡ്.
6. ഹ്യൂസ് അഡ്വർടൈസിംഗ് പ്രൈവറ്റ് ലിമിറ്റഡ്.
7. അഷ്ടമുടി റിസോർട്ട്സ്.

LIBRARY ARCHIVES Kerala Legislative Assembly